കെ.എസ്.എഫ്.ഇ. യിലെ നിയമനങ്ങളിലെ നിഷ്പക്ഷത

131 (4713) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. എഫ്. ഇ.-യിൽ ജനറൽ മാനേജർ തസ്തികയിൽ ഓപ്പൺ വേക്കൻസി നിലവിലുണ്ടോ ; എങ്കിൽ അതിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) കെ. എസ്. എഫ്. ഇ.-യിൽ ജനറൽ മാനേജർ തസ്തികയിലെ നേരിട്ടുള്ള നിയമനം നിലവിലുള്ള ഉദ്യോഗസ്ഥർക്കായി വകമാറ്റാൻ തത്വത്തിൽ തീരുമാനിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത തസ്തികകളിലെ നേരിട്ടുള്ള നിയമന നടപടികൾ മറികടന്ന് കമ്പനി ഉദ്യോഗസ്ഥരെത്തന്നെ നിയമിക്കുന്നത് തൊഴിലന്വേഷകരുടെ അവസരം നഷ്ടപ്പെടുത്തുമെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) നിയമന കാര്യങ്ങൾ നിഷ്പക്ഷമായി നടത്തുന്നതിനും പ്രാവീണ്യമുള്ളവരെ നിയമിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിലില്ല. എന്നാൽ 1-11-2015-ൽ വരുന്ന പ്രതീക്ഷിത ഒഴിവിലേക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) ജനറൽ മാനേജർ തസ്തികയിലെ നേരിട്ടുള്ള നിയമനം നിലവിലുള്ള ഉദ്യോഗസ്ഥർക്കായി പരിമിതപ്പെടുത്താൻ തീരുമാനിച്ചിട്ടില്ല. നോട്ടിഫിക്കേഷൻ അനുസരിച്ച് അപേക്ഷ സമർപ്പിച്ചിട്ടുള്ള അപേക്ഷകരിൽനിന്ന് ഇന്റർവ്യൂ ബോർഡ് കൂടിക്കാഴ്ച നടത്തി പ്രസിദ്ധീകരിക്കുന്ന അർഹതാ ലിസ്റ്റിൽനിന്നും നിയമനം നൽകുകയാണ് ചെയ്യുന്നത്.

(സി) അത്തരമൊരു പരാതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്. എന്നാൽ നിയമന നടപടികളുമായി മുന്നോട്ടു പോകാമെന്നും പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനം കോടതി ഉത്തരവിന് വിധേയമായിരിക്കണമെന്നും ബഹുമാനപ്പെട്ട കോടതി ഉത്തരവായിട്ടുണ്ട്.

(ഡി) കേരളത്തിലെ മുൻനിര പത്രമാധ്യമങ്ങൾവഴി ജനറൽ മാനേജർ തസ്തികയിലേക്കുള്ള നേരിട്ടുള്ള നിയമനം സംബന്ധിച്ച് പരസ്യം നൽകിയിട്ടുണ്ട്. യോഗ്യരായ കമ്പനി ജീവനക്കാർ ഉൾപ്പെടെയുള്ള അപേക്ഷകരിൽ നിന്നും കമ്പനിയുടെ ഡയറക്ടർ ബോർഡ് ചുമതലപ്പെടുത്തുന്ന സബ് കമ്മിറ്റി ഇന്റർവ്യൂ നടത്തി ഏറ്റവും മികച്ച ഉദ്യോഗാർത്ഥിയെ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly